കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നൽകിയ പ്രമോഷൻ ആനുകൂല്യങ്ങൾ

181 [3586] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഭരണ വിഭാഗത്തിൽ ആർക്കെങ്കിലും മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ ആർക്കെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പ്രമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി എന്താണ് എന്നറിയിക്കാമോ;

(സി) മുൻകാല പ്രാബല്യത്തോടെ സർവീസ് ആനുകൂല്യം എത്രയാണ് നൽകിയത്; സർവീസ് ആനുകൂല്യം നൽകുന്നതിന് മുൻപ് സർക്കാരിന്റെ അനുമതി വേണമെന്ന് ഖാദി ബോർഡ് യോഗം തീരുമാനിച്ചിരുന്നുവോ; എങ്കിൽ എന്ന്; സർക്കാരിന്റെ തീരുമാനം എന്തായിരുന്നു;

(ഡി) ഖാദി ബോർഡുമായി ബന്ധപ്പെട്ട ഒ. പി. 18034 ഓഫ് 1999 യു എന്ന കേസ്സിന്റെ വിധി എന്താണെന്ന് വ്യക്തമാക്കുമോ; വിധിയുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതി

182 [3587] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) ഈ പദ്ധതിയുടെ ജില്ലാതല അവലോകന സമിതി യോഗം ഈ വർഷം നടത്തിയിട്ടുണ്ടോ;

(സി) ഈ വർഷം ഏതൊക്കെ ബ്ലോക്കുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly